പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7525 14.7.2014 ൽ മറുപടിയ്ക്ക്

## വിഭിന്നശേഷിയുള്ളവർക്ക് ലഭിക്കുന്ന സേവനങ്ങൾ

ചോദ്യം

ശ്രീ.സി.ദിവാകരൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്നശേഷിയുള്ളവർക്കായി എന്തെല്ലാം സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നത്; | (എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്നശേഷിയുള്ളവർക്കായി നിരവധി സേവനങ്ങളാണ് സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന അംഗപരിമിതർക്ക് പ്രവേശിക്കുന്നതിനായി പ്രത്യേക റാമ്പുകൾ നിർമ്മിച്ച് വരുന്നുണ്ട്. ലിഫ്റ്റ് സൌകര്യങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിനും അല്ലാത്ത പക്ഷം ടി സ്ഥാപനങ്ങൾ ഏറ്റവും താഴത്തെ നിലകളിൽ പ്രവർത്തനം സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കായി എത്തുന്ന സ്ഥലങ്ങളിൽ (ഹോസ്പിറ്റലുകൾ, വൈദ്യുതി ഓഫീസ് etc) തുടങ്ങിയ സ്ഥലങ്ങളിൽ വികലാംഗരായ വ്യക്തികൾക്ക് പരിഗണന ലഭിക്കുന്നതിനായി പ്രത്യേക ക്യൂ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. അംഗപരിമിതരായ വ്യക്തികളുടെ വിവിധ ആവശ്യങ്ങൾക്കായി ഏകീകൃത ഐ.ഡി കാർഡുകൾ വിതരണം ചെയ്യുന്നുണ്ട്. PWD Act, 1995 അനുസരിച്ച് (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണവും, പൂർണ്ണ പങ്കാളിത്തവും) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 16.8.99 മുതൽ 31.12.2003 വരെ ജോലി നോക്കിയിട്ടുള്ള 2677 വികലാംഗരെ സൂപ്പർ ന്യൂമററി തസ്തിക മുഖേന സ്ഥിര നിയമനം നൽകി വരുന്നുണ്ട്. വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ കാലതാമസമില്ലാതെ ലഭിക്കുന്നതിനായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് പ്രത്യേക മെഡിക്കൽ ലീവുകളും, യാത്രാ ബത്തകളും നൽകുന്നുണ്ട്. ശയ്യാവലംബരായ വ്യക്തികളെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം ധനസഹായം നൽകി വരുന്നു. വികലാംഗരായവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒട്ടു മിക്ക സ്ഥാപനങ്ങളിലും വികലാംഗ സൌഹൃദ സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇത് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | (ബി) ഓരോ വിഷയങ്ങളിലും കാലാനുസൃതമായി മാറ്റങ്ങൾ സർക്കാർ വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ